പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 478 — 27.06.2019 -ൽ മറുപടിക്ക്

## ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാപരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പാചകവാതക വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (എ) നിലവിൽ ഓൺലൈൻ ബുക്കിംഗ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ഗ്യാസ് ഏജൻസികൾ സിലിണ്ടറുകൾ വിതരണം ചെയ്തു വരുന്നത്. സിലിണ്ടർ ബുക്ക് ചെയ്യുന്ന ഉപഭോക്താവിന് ബുക്കിംഗ് റഫറൻസ് നമ്പർ, സിലിണ്ടർ ലഭ്യമാകുന്ന തീയതി, ആയതിന്റെ വില എന്നിവ എസ്.എം.എസ് അലർട്ട് ആയി ഏജൻസികൾ നല്കുന്നുണ്ട്. വിതരണം സുഗമവും, കാര്യക്ഷമവും, പരാതിരഹിതവും ആക്കുന്നതിനായി ഓയിൽ കമ്പനി ഉദ്യോഗസ്ഥരും വകുപ്പിലെ ഉദ്യോഗസ്ഥരും ഗ്യാസ് ഏജൻസികളിൽ പരിശോധനകൾ നടത്തുന്നുണ്ട്. മാത്രമല്ല ഗ്യാസ് വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ജില്ലകളിൽ മൂന്ന് മാസത്തിലൊരിക്കൽ അതത് ജില്ലാ കളക്ടർമാർ, ഗ്യാസ് ഏജൻസികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, ഓയിൽ കമ്പനി പ്രതിനിധികൾ, ഉപഭോക്താക്കൾ എന്നിവരുടെ ഓപ്പൺ ഫോറങ്ങളും അദാലത്തുകളും വിളിച്ചു ചേർക്കുന്നുണ്ട്. |
| (ബി) ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കാമോ ;<br>(സി) പഴക്കമേറിയ സിലിണ്ടർ ഉപയോഗിക്കുന്നത് കാരണം ഗ്യാസ് ലീക്ക് ചെയ്ത് അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ഡി) ഇത്തരം സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (ബി), (സി) & (ഡി) ഓയിൽ കമ്പനികളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ സുരക്ഷ പരിശോധിച്ച് ഉറപ്പു വരുത്തുന്നത്. ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ചുതന്നെ ഗ്യാസ് നിറയ്ക്കുന്നതിനു മുൻപും ഗ്യാസ് നിറച്ചതിനു ശേഷവും വിശദമായ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കുകയും ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം നടത്തുന്ന പരിശോധനയിൽ യോഗ്യമെന്നു കണ്ടെത്തുന്ന സിലിണ്ടർ മാത്രം ഉപയോഗിക്കുന്നതു വഴി പഴക്കമുള്ള സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. സിലിണ്ടറുകൾ ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള റെഗുലർ സേഫ്റ്റി ക്ലിനിക്കുകൾ അടക്കമുള്ള |

നടപടികൾ ഓയിൽ കമ്പനികൾ സ്വീകരിച്ചു വരുന്നുണ്ട്. പഴക്കമേറിയ സിലിണ്ടർ ഉപയോഗിക്കുന്നത് കാരണം ഗ്യാസ് ലീക്ക് ചെയ്ത് അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | ഗ്യാസ് സിലിണ്ടർ വിതരണത്തിന് കൊണ്ടുവരുന്ന ജീവനക്കാർ അധികതുക ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും വ്യവസ്ഥകളും അറിയിക്കാമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏജൻസികളുടെ ഷോറൂം ഓഫീസിൽ (ബില്ലിംഗ് പോയിന്റ് ഓഫീസ്) നിന്നും അഞ്ച് കിലോമീറ്റർ വരെയുള്ള ദൂരപരിധി ഫ്രീ സോണായി നിശ്ചയിച്ച് നല്കിയിട്ടുണ്ട്. ടി ഫ്രീ സോണിന് പുറത്തുള്ള മേഖലകളിൽ അതത് പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് അതത് ജില്ലാ കളക്ടർമാർ വിതരണക്കൂലി നിശ്ചയിച്ച് നല്കുകയും ആയത് ഗ്യാസ് ഏജൻസികളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ടി തുക മാത്രമേ ഈടാക്കാവൂ എന്ന് ഗ്യാസ് ഏജൻസികൾക്ക് കർശന നിർദ്ദേശം നല്കുകയും ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധനകളിൽ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ 18.06.2019 ൽ കൂടിയ യോഗത്തിൽ ഈ വിഷയത്തിൽ എണ്ണക്കമ്പനികളുടെ ഭാഗത്തു നിന്നും കൂടുതൽ ശക്തമായ നടപടികളും നിർദ്ദേശങ്ങളും ഉണ്ടാകണമെന്നും നിലവിൽ ഉപഭോക്താക്കളുടെ ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കാനുള്ള അദാലത്തുകളും ഓപ്പൺ ഫോറങ്ങളും കൃത്യമായി കൂടണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കുവാനും ജില്ലാ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുവാനും തീരുമാനമായിട്ടുണ്ട്. |
| (എഫ്) | പാചക വാതക വിതരണം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആക്ഷേപങ്ങളും പരാതികളും നല്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (എഫ്) | ഉപഭോക്താക്കൾക്ക് ഗ്യാസ് ഏജൻസികളിൽ ലഭ്യമാകുന്ന പരാതി പുസ്തകത്തിൽ നേരിട്ട് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇതിനു പുറമെ ഓയിൽ കമ്പനി സെയിൽസ് മാനേജർ, ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർക്കും കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ കളക്ടറേറ്റിൽ വച്ച് നടക്കുന്ന ഓപ്പൺ ഫോറത്തിലും പരാതികൾ നല്കാവുന്നതാണ്. ഇപ്രകാരം വകുപ്പിൽ ലഭ്യമാകുന്ന പരാതികളിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ അടിയന്തിരമായി അന്വേഷണം നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുവാനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ